# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2206** **18.03.2015-ലെ മറുപടിക്ക്**

**സാമ്പത്തിക പ്രതിസന്ധി - സർക്കാർ പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾക്കായി കടമെടുക്കൽ**

| | **ചോദ്യം**<br>ശ്രീമതി. കെ.എസ്. സലീഖ | **ഉത്തരം**<br>ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | സർക്കാർ നടപ്പുവർഷം (2014-15) സർക്കാർ പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾക്കായി കടമെടുക്കൽ പരിധി എത്രയാക്കിയിട്ടുണ്ടെന്നും ഇതിൽ എത്ര തുകയുടെ കടമെടുപ്പ് 2015 ഫെബ്രുവരി 28 വരെ നടത്തി എന്നും വ്യക്തമാക്കുമോ ; | സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി കടമെടുക്കുന്നതിന് 2014-15 ൽ അനുവദിച്ചിട്ടുള്ള മൊത്തം കടമെടുക്കൽ പരിധി 21620.04 കോടി രൂപയാണ്. പ്രാഥമിക കണക്കുകൾ പ്രകാരം 2015 ഫെബ്രുവരി 28 വരെ എടുത്ത വായ്പയുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| നം. | ഇനം | തുക (കോടിയിൽ) |
|---|---|---|
| 1. | OMB | 12200.00 |
| 2. | NABARD | 453.098 |
| 3. | Government of India Loan | 751.71 |
| 4. | NSSF | 109.23 |
| 5. | State Provident Fund (up to January 31, 2015) | 3855.81 |
| | **TOTAL** | 17369.848 |

<table>
<tr><td>(ബി)</td><td>കടമെടുക്കൽ കുറയ്ക്കുന്നതിന് 2014-15 സാമ്പത്തിക സാമ്പത്തിക വർഷം നികുതി നിർണ്ണയത്തിലെ അപാകതകൾ എന്തൊക്കെ വകുപ്പിന്റെ ഇന്റേണൽ ഓഡിറ്റ് വിഭാഗവും അക്കൗണ്ടന്റ് ജനറലും ചൂണ്ടിക്കാട്ടിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;</td><td>2014-15 സാമ്പത്തിക സാമ്പത്തിക വർഷം അവസാനിച്ചാൽ മാത്രമേ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ.</td></tr>
<tr><td>(സി)</td><td>ഇതിൽ ഏതെല്ലാം കാര്യങ്ങൾ നടപ്പിലാക്കി എന്നും ഇതു വഴിയുണ്ടായ നേട്ടം എന്താണെന്ന് എന്നും വ്യക്തമാക്കുമോ ;</td><td>ബാധകമല്ല.</td></tr>
<tr><td>(ഡി)</td><td>ഏതെല്ലാം ക്ഷേമനിധി ബോർഡുകളിൽ നിന്നും 2015 ഫെബ്രുവരി 28 വരെ എത്ര തുക വീതം കടമെടുത്തുവെന്ന് വ്യക്തമാക്കുമോ ;</td><td rowspan="2">ക്ഷേമനിധി ബോർഡുകളിൽ നിന്നും സർക്കാർ കടമെടുത്തിട്ടില്ല.</td></tr>
<tr><td>(ഇ)</td><td>ഇത്തരത്തിൽ ക്ഷേമനിധി ബോർഡുകളിൽ നിന്നും കടമെടുക്കുന്നതുമൂലം പ്രസ്തുത ബോർഡുകൾക്ക് വൻ സാമ്പത്തിക നഷ്ടം സംഭവിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;</td></tr>
<tr><td>(എഫ്)</td><td>ധനസ്ഥിതിയെ കുറിച്ച് സർക്കാർ ധവളപത്രം ഇറക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?</td><td>ധവളപത്രം ഇറക്കുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ